9-ാം വർഷം
2026
നവംബർ 22, 2026
പള്ളിക്കുദാശ നാലാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



ആരാണു നിങ്ങളുടെ രാജാവ്?

ഉത്പ 14:17-24, 1 സാമു 8:1-9, വെളി 19:11-16, യോഹ 18:33-37

നമ്മുടെ ജീവിതത്തിലും പലർക്കും പല സ്ഥാനങ്ങളുണ്ട്. ചിലർ കുടുംബത്തിന്റെ തലവന്മാരാണ്, ചിലർ സമൂഹത്തിൽ നേതൃസ്ഥാനങ്ങളിലുള്ളവരാണ്, ചിലർ സഭയിൽ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നവരാണ്. എന്നാൽ ആ സ്ഥാനങ്ങൾ സ്വയം ആസ്വദിക്കാനുള്ള തല്ല; മറിച്ച് മറ്റുള്ളവരെ ചേർത്തുനിർത്താനും അനുഗ്രഹിക്കാനും സഹായിക്കാനുമുള്ള അവസരങ്ങളാണ്. ഈ സന്ദേശമാണ് രാജാവായ ക്രിസ്തു നമുക്ക് പറഞ്ഞും, പഠിപ്പിച്ചും, ജീവിച്ചും, കാണിച്ചുതന്നത്. ഇതാണ് രാജത്വ തിരുന്നാൾ ദിവസം നമ്മൾ ഉൾക്കൊള്ളേണ്ട പ്രഥമപാഠവും.

നമ്മുടെ ജീവിതത്തിലും സമൂഹത്തിലും നാം കാണുന്ന അധികാരവും ക്രിസ്തുവിന്റെ അധികാരവും തമ്മിലുള്ള അന്തരമാണ് ഇന്നത്തെ വചനഭാഗം മുന്നോട്ടു വയ്ക്കുന്ന ഒരു ചിന്ത. ലോകത്തിന്റെ അധികാരം മറ്റുള്ളവരെ അടിച്ചമർത്താനും, ഭയപ്പെടുത്താനും, സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമാണ് ഉപയോഗിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ രാജ്യം ഭയത്തിന്റേതല്ല, സ്നേഹത്തിന്റേതാണ്. അവിടുത്തെ കിരീടം സ്വർണ്ണത്തിന്റേതല്ല, മുള്ളുകളുടേതാണ്; അവിടുത്തെ സിംഹാസനം കൊട്ടാരത്തിലല്ല, കാൽവരിയിലെ കുരിശിലാണ്!

വർഷങ്ങളോളം ഒരുമിച്ച് ജീവിച്ച ഭാര്യയും ഭർത്താവും ഒരു ചെറിയ വാക്കിന്റെ പേരിൽ അകലുന്നു. മാതാപിതാക്കളും മക്കളും പരസ്പരം സംസാരിക്കാൻ മടിക്കുന്നു. സഹോദരങ്ങൾ സ്വത്തിന്റെ പേരിൽ ബന്ധങ്ങൾ ഉപേക്ഷിക്കുന്നു.



ഷൈനി നൈജോ

ഇവിടെ നമുക്ക് നഷ്ടമാകുന്നത് ജീവിതത്തിൽ തിരിച്ചുകിട്ടാൻ പ്രയാസമുള്ള സ്നേഹബന്ധങ്ങളാണ്. ക്രിസ്തു നമ്മുടെ കുടുംബത്തിന്റെ രാജാവായി ഉണ്ടെങ്കിൽ ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനും പരസ്പരം മനസ്സിലാക്കാനും നമുക്ക് കൂടുതൽ ശക്തി ലഭിക്കും.

ഒരു നല്ല വാക്ക്, ഒരു സ്നേഹപൂർവമായ സമീപനം, ഒരു പുഞ്ചിരി, ഒരു പ്രാർത്ഥന ഇതൊക്കെ ഒരാളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചേക്കാം. ഓരോ വിശ്വാസിയും സ്വന്തം ജീവിതത്തിലൂടെ ക്രിസ്തുവിന്റെ രാജത്വത്തിന് സാക്ഷിയാകണം. മക്കൾ മാതാപിതാക്കളെ ആദരിക്കുന്നതിലൂടെ, നമ്മുടെ അടുത്തുള്ളവരുടെ സന്തോഷത്തിലും സങ്കടത്തിലും പങ്കുചേരുന്നതിലൂടെ. ഇതൊക്കെയാണ് ക്രിസ്തുവിന്റെ രാജത്വം നമ്മുടെ ജീവിതത്തിൽ പ്രകടമാകുന്ന നിമിഷങ്ങൾ.

മദർ തെരേസ പറഞ്ഞു: 'നമ്മൾ വലിയ കാര്യങ്ങൾ ചെയ്യണമെന്നില്ല, മറിച്ച് ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്താൽ മതി.' ക്രിസ്തുവിന്റെ രാജ്യത്തിലെ പൗരന്മാരായ നമ്മൾ, നമ്മുടെ ദൈനംദിന ജീവിതത്തിലെ ചെറിയ കാര്യങ്ങളിൽ പോലും സത്യസന്ധതയും നീതിയും പുലർത്തുമ്പോൾ, നാം ക്രിസ്തുവിന്റെ രാജ്യം ഈ ഭൂമിയിൽ പണിയുകയാണ്.

ഒരാളെ സ്നേഹിക്കാൻ അയാൾ പൂർണനായിരിക്കണമെന്നില്ല. ഒരാളെ സഹായിക്കാൻ അയാൾ നമ്മുടെ ബന്ധുവായിരിക്കണമെന്നില്ല. ഒരാളെ ബഹുമാനിക്കാൻ അയാൾ നമ്മളെക്കാൾ ഉയർന്ന സ്ഥാനത്തുള്ളവനായിരിക്കണമെന്നുമില്ല. മനുഷ്യനെന്ന നിലയിൽ ഓരോരുത്തർക്കും സ്നേഹവും ബഹുമാനവും അർഹതപ്പെട്ടതാണ്.

നമ്മുടെ ജീവിതത്തിന്റെ അവസാന നാളുകളിൽ നാം നേടിയ സ്ഥാനങ്ങളോ സമ്പാദിച്ച സമ്പത്തോ ആയിരിക്കില്ല ഏറ്റവും വലിയ സന്തോഷം. നമ്മൾ സ്നേഹിച്ച മനുഷ്യരും നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഹൃദയങ്ങളും നാം മറ്റുള്ളവർക്ക് നൽകിയ



നന്മകളുമായിരിക്കും നമ്മുടെ യഥാർത്ഥ സമ്പത്ത്. ക്രിസ്തു രാജാവാകട്ടെ നമ്മുടെ ഹൃദയങ്ങളിലും, നമ്മുടെ കുടുംബങ്ങളിലും ബന്ധങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും.

ക്രിസ്തുരാജ്യത്തിലെ പ്രജകളാകുമ്പോൾ

ക്രിസ്തു നമ്മുടെ രാജാവാകുമ്പോൾ, നാം ക്രിസ്തുരാജ്യത്തിലെ പ്രജകളാകുമ്പോൾ അതു നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കും. എന്റെ കുടുംബത്തിൽ ക്രിസ്തുവാണോ ഭരിക്കുന്നത്? കുരിശിൽ നിന്ന് സ്നേഹത്തോടെ നമ്മെ ഭരിക്കുന്ന ക്രിസ്തുരാജന് നമ്മുടെ ഹൃദയത്തിന്റെ താക്കോൽ നമുക്ക് കൈമാറിയാൽ അതു നമ്മുടെ കർമ്മങ്ങളിലും വാക്കുകളിലും മാറ്റങ്ങൾ സൃഷ്ടിക്കും. തീരുമാനങ്ങളിൽ സത്യവും നീതിയും പ്രഥമപരിഗണനയാകും. ശൈലിയിൽ, ആധിപത്യസ്ഥാപനത്തിനു പകരം വിനയപൂർവകമായ ശുശ്രൂഷ സ്ഥാനം പിടിക്കും. ക്രിസ്തുവെന്ന രാജാവിനു ചേർന്ന പ്രജകളായി നമുക്കു ജീവിക്കാം.

പീലാത്തോസ് യേശുവിനെ വിചാരണ ചെയ്യുകയായിരുന്നു. നീതിപൂർവകമായ ഒരു വിചാരണയായിരുന്നില്ല അത്. ചരിത്രത്തിലെ ഏറ്റവും ക്രൂരമായ ആൾക്കൂട്ടവിചാരണ. മതമൗലികവാദവും തീവ്രദേശീയതയും എല്ലാം ചേർന്നു ഭ്രാന്തു പിടിച്ചിരിക്കുന്ന ഒരു ആൾക്കൂട്ടത്തിന് ആർക്കും നീതി കൊടുക്കാൻ സാധിക്കില്ല. ഇക്കാലത്തും ഇത്തരം ആൾക്കൂട്ടവിചാരണകൾ പ്രത്യക്ഷമായും പരോക്ഷമായും നടക്കുന്നു. ആൾക്കൂട്ടത്തിന്റെ ഭാഗമാകാതെ, സത്യനീതികളുടെ പക്ഷം ചേരാനും പോരടിക്കുന്ന വർക്കിടയിൽ നിഷ്പക്ഷത പാലിക്കാനും കഴിയുക ആവശ്യമാണ്.

പ്രത്തോറിയിൽ യഥാർത്ഥത്തിൽ വിചാരണ ചെയ്യപ്പെട്ടത് ക്രിസ്തുവിനേക്കാൾ പീലാത്തോസിന്റെ മനഃസാക്ഷിയായിരുന്നു. അധികാരവും പദവിയും നഷ്ടപ്പെടുമോ എന്ന ഭയത്താൽ പീലാത്തോസ് സത്യത്തെ തള്ളിക്കളഞ്ഞു.

ഇന്ന് ഈ വിശുദ്ധ ബലിയിൽ പങ്കെടുക്കുമ്പോൾ, ഈശോ നമ്മോടും ചോദിക്കുന്നുണ്ട്: 'നിന്റെ ജീവിതത്തിൽ ഞാനൊരു രാജാവാണോ?' പലപ്പോഴും നമ്മുടെ ഹൃദയത്തിന്റെ സിംഹാസനത്തിൽ നാം ഇരുത്തിയിരിക്കുന്നത് പണത്തെയും, അഹങ്കാരത്തെയും, ദേഷ്യത്തെയും, സ്വാർത്ഥതയെയുമൊക്കെയാണ്. യേശുവിനെ നമ്മൾ ഒരു അതിഥിയെപ്പോലെ പുറത്തുനിർത്തുന്നു. എന്നാൽ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ രാജാവായി വാഴുമ്പോൾ അവിടെ സമാധാനമുണ്ടാകും, ക്ഷമയുണ്ടാകും, പരസ്പര സ്നേഹമുണ്ടാകും.

ഉപസംഹാരം

പ്രിയമുള്ളവരെ, ആരാധനാക്രമ വർഷത്തിന്റെ അവസാന ഞായറാഴ്ചയായ ഇന്ന് നമുക്ക് ഒരു നിമിഷം ആത്മശോധന ചെയ്യാം. ആരാണു നമ്മുടെ രാജാവ്, ആ രാജാവിനു ചേർന്ന പ്രജകളാണോ നാം, നമുക്കു രാജത്വമുള്ളിടത്ത് നാം ക്രിസ്തുവിനു ചേർന്ന വിധത്തിലാണോ ആ ഉത്തരാവാദിത്വം നിർവഹിക്കുന്നത്?

(സമൂഹ്യപ്രവർത്തകയും എറണാകുളം-അങ്കമാലി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവുമാണു ലേഖിക.)

▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com